# ഇന്ത്യ-ഇ.യു. കണക്റ്റിവിറ്റി കോൺഫറൻസ്

മെയ് 31, 2023

വിദേശകാര്യ മന്ത്രാലയവും ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ പ്രതിനിധി സംഘവും ഏഷ്യൻ സംഗമവും സംയുക്തമായി 2023 ജൂൺ 01 മുതൽ 02 വരെ മേഘാലയയിൽ ഇന്ത്യ-ഇ.യു. കണക്റ്റിവിറ്റി കോൺഫറൻസ് സംഘടിപ്പിക്കുന്നു. ഇന്ത്യയുടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളും ഇന്ത്യയുടെ അയൽരാജ്യങ്ങളും (നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ്) തമ്മിലുള്ള കണക്റ്റിവിറ്റി നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുകയാണ് സമ്മേളന ലക്ഷ്യം.

2. 2021 മെയ് മാസത്തിൽ നടന്ന ഇന്ത്യ-ഇ.യു. നേതാക്കളുടെ മീറ്റിംഗിൽ ആരംഭിച്ച ഇന്ത്യ-ഇ.യു. കണക്റ്റിവിറ്റി പങ്കാളിത്തത്തിന്റെ ഫലമാണ് ഈ കോൺഫറൻസ്. ഡിജിറ്റൽ, ഊർജ്ജം, ഗതാഗതം എന്നിവ സംയുക്തമായി നടപ്പിലാക്കുന്നതിനുള്ള മൂർത്തമായ പദ്ധതികൾ തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെ കോൺഫറൻസ് മൂന്ന് പ്രധാന മേഖലകളിലൂടെയുള്ള കണക്റ്റിവിറ്റിയിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഇന്ത്യ-ഇ.യു. ട്രേഡ് ആൻഡ് ടെക്നോളജി കൗൺസിലിന്റെ (ടി.ടി.സി.) അടുത്തിടെ സമാപിച്ച മന്ത്രിതല യോഗത്തിൽ എടുത്ത ഒരു പ്രധാന തീരുമാനമായിരുന്നു ഇത്.

3. മേഘാലയ മുഖ്യമന്ത്രി ശ്രീ കോൺറാഡ് കോങ്കൽ സാംഗ്മയും വിദേശകാര്യ സഹമന്ത്രി ഡോ. രാജ്കുമാർ രഞ്ജൻ സിങ്ങും സമ്മേളനം ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ ഗവൺമെന്റിന്റെ മുതിർന്ന ഉദ്യോഗസ്ഥർ, ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗവൺമെന്റ്(കൾ), യൂറോപ്യൻ യൂണിയൻ കമ്മീഷൻ, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് ഗവൺമെന്റ്(കൾ), സ്വകാര്യമേഖലയിൽ നിന്നുള്ള പങ്കാളികൾ എന്നിവർ പങ്കെടുക്കുകയും വിഷയത്തിൽ അവരുടെ ഉൾക്കാഴ്ചകളും കാഴ്ചപ്പാടുകളും നൽകുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ന്യൂ ഡൽഹി

**മെയ് 31, 2023**